പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 8

05.03.2012-ൽ
മറുപടിയ്ക്ക്

## ക്വട്ടേഷൻ സംഘങ്ങളെ നിയോഗിച്ചുള്ള കടം പിരിയ്ക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക.<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ).<br>ശ്രീ.സാജു പോൾ.<br>ശ്രീ.കെ.ദാസൻ. | ശ്രീ.ഉമ്മൻ ചാണ്ടി.<br>(മുഖ്യമന്ത്രി) |
| (എ) പുതുതലമുറയിലെ സ്വകാര്യ ബാങ്കുകളും, ബ്ലേഡ്, ചിട്ടി കമ്പനികളും വായ്പ കുടിശ്ശിക തിരിച്ചു പിടിക്കാൻ ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗപ്പെടുത്തുന്നതായ വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ചെറുകിട നാമമാത്ര കർഷകരും തൊഴിലാളികളും ഇത്തരം ക്വട്ടേഷൻ സംഘങ്ങളാൽ പീഡിപ്പിക്കപ്പെടുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ;<br><br>(സി) പ്രാദേശിക തലത്തിൽ ഗുണ്ടകളെ നിയോഗിച്ച് ബാങ്കുകളും കമ്പനികളും കടം തിരിച്ചു പിടിക്കുന്നത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്യാൻ പൊതുവിൽ പോലീസ് തയ്യാറാകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എത്ര കേസുകൾ ഇതിനകം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ? | (ബി) & (സി) സ്വകാര്യ ബാങ്കുകളും, ബ്ലേഡ്, ചിട്ടി കമ്പനികളും വായ്പാ കുടിശ്ശിക തിരിച്ചു പിടിക്കാൻ ഗുണ്ടാ ക്വട്ടേഷൻ സംഘങ്ങളെ ഉപയോഗിച്ച് ചെറുകിട നാമമാത്ര കർഷകരേയും, തൊഴിലാളികളേയും പീഡിപ്പിക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുണ്ടാ ക്വട്ടേഷൻ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് 16 കേസുകൾ രജിസ്റ്റർ ചെയ്ത് 86 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 8 കേസുകൾ വിചാരണയിലും 8 കേസുകൾ അന്വേഷണാവസ്ഥയിലുമാണ്. ഇത്തരം പ്രവർത്തനങ്ങൾ തടയാൻ പോലീസ് വകുപ്പ് കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Mayhely

സെക്ഷൻ ഓഫീസർ.